₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 8
Issue 12

June 2020

pages 24

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; മനുഷ്യനിൽ ആശ്രയിച്ചു ജഡത്തെ തന്റെ ഭുജമാക്കി ഹൃദയംകൊണ്ടു യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ... യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ"

**(യിരമ്യാവ് 17:5,7)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L L I F E V O I C E

**Volume 8** **Issue 12** **June 2020** **pages 24** **Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ
Sebastian M.V.
എന്ന പേരിൽ ക്രോസ്സ്ഡ് ചെക്ക് ആയി അയയ്ക്കാം. ദയവായി മണിഓർഡർ (MO) അയയ്ക്കരുത്.

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394



**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**


**Book No. 102**

## ഉള്ളടക്കം

പേജ്


- **പൈശാചികസ്വഭാവങ്ങൾ** 3
- **പ്രതികരണങ്ങൾ** 6
- **മഹാഭാഗ്യം** (22) 10
- **പുതിയനിയമത്തിലൂടെ യാത്ര** (7) 13
- **പരിശുദ്ധാത്മാവ്** (25) 16
- **ചിന്തകൾ പന്തങ്ങളാകുമ്പോൾ** (27) 20
- **പാവം കാട്ടുപന്നി** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**



## എഡിറ്റോറിയൽ

# ദൈവമക്കളിലെ പൈശാചികസ്വഭാവങ്ങൾ!

കർത്താവിനെ സ്വന്തം രക്ഷകനായി സ്വീകരിക്കുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേൽക്കയും ചെയ്ത് ദൈവമക്കളായിത്തീർന്നവർ, ശത്രുവായ പിശാചിന്റെ സ്വഭാവം പിന്നെയും കാണിക്കുന്നത് കണ്ടുവരുന്നു. ചിലപ്പോൾ മനഃപൂർവ്വമല്ലായിരിക്കാം. പക്ഷേ നമ്മെക്കൊണ്ട് പൈശാചികസ്വഭാവങ്ങൾ കാണിച്ച് നാം ദൈവമക്കളായിത്തീർന്നതിലെ അരിശം തീർത്ത് അട്ടഹസിക്കുന്ന സാത്താന്റെ സന്തോഷം നാം അവസാനിപ്പിക്കേണ്ടതുണ്ട്. ഏതൊക്കെയാണ് ആ പൈശാചികസ്വഭാവങ്ങൾ എന്നു നമുക്ക് നോക്കാം.

**1. കുലപാതകൻ** (യോഹന്നാൻ 8:44)

കൊലപാതകത്തിന്റെ പിതാവാണ് പിശാച്. ഹാബേലിനെ കയീനെക്കൊണ്ട് കൊലപ്പെടുത്തി, ഈ ഭൂമിയിൽ കൊലപാതകം ഉദ്ഘാടനം ചെയ്തവനാണ് അവൻ. വാടകയെച്ചൊല്ലിയുണ്ടായ തർക്കത്തെത്തുടർന്ന് ഒരു വിശ്വാസി മറ്റൊരു വിശ്വാസിയെ മർദ്ദിക്കുകയും അതിനെത്തുടർന്ന് അദ്ദേഹം കൊല്ലപ്പെടുകയും ചെയ്തത് ഇവിടെ തൃശ്ശൂരിൽ ഈയിടെ നടന്ന സംഭവമാണല്ലോ. ബ്രദറുകാരനും പെന്തെക്കോസ്തുകാരനുമായിരുന്നു ആ വിശ്വാസികൾ. (ഭാഗ്യത്തിന് ബ്രദറൺ-പെന്തെക്കോസ്ത് 'വംശീയകലാപ'മായി ആ സംഭവം വളർന്നില്ല. ദൈവത്തിനു സ്തോത്രം.)

ഈ സംഭവത്തിൽ, കൊല്ലണം എന്നത് ലക്ഷ്യമായിരുന്നില്ല. പക്ഷേ പിശാച് അത് കൊലപാതകമാക്കി. അവനു വീണു കിട്ടിയ ഒരു അർദ്ധാവസരം അവൻ മുതലാക്കി. ഒരാൾ കൊല്ലപ്പെടുന്നു; അടുത്തയാൾ ജയിലിൽ ആവുന്നു; ദൈവനാമം ദുഷിക്കപ്പെടുന്നു.

ഭൂതങ്ങളെ മാറ്റാൻ എന്നും പറഞ്ഞ് ഇവിടെ കൊലപാതകം നടന്നിട്ടുണ്ടല്ലോ. വിശ്വാസികളുടെ മധ്യേയുള്ള ഭ്രൂണഹത്യ കുപ്രസിദ്ധമാണ്. അവിടെയും പിശാച് ജയിക്കുന്നു. ദൈവമക്കളെക്കൊണ്ട് കൊലപാതകം ചെയ്യിക്കുന്നു. ''സഹോദരനെ പകെക്കുന്നവൻ എല്ലാം കുലപാതകൻ ആകുന്നു'' എന്ന് 1 യോഹന്നാൻ 3:15 ൽ കാണുന്നത് വായിച്ച് നാം നടുങ്ങേണ്ടതുണ്ട്. ഈ നിലയിൽ കൊലപാതകം ചെയ്യുന്ന വിശ്വാസികൾക്ക് ഇവിടെ പഞ്ഞമില്ലല്ലോ.

**2. ഭോഷ്കിന്റെ അപ്പൻ** (യോഹന്നാൻ 8:44)

പിശാചിനെ ഭോഷ്കിന്റെ പിതാവ് എന്നാണ് യേശു വിശേഷിപ്പിച്ചത്. നുണ പറയുന്നവർ പലപ്പോഴും ഇവിടെ ജയിക്കുന്നു. ദൈവമക്കളുടെ പേരിൽ ധാരാളം കേസുകൾ കോടതിയിൽ ഉണ്ടല്ലോ. ഇവിടെയെല്ലാം ജയിക്കാനായി നുണകളുടെ കൂമ്പാരമാണ് തീർക്കുന്നത്. പലരും വിങ്ങിപ്പൊട്ടി പറയുന്ന സാക്ഷ്യത്തിൽ പലപ്പോഴും ഭോഷ്ക് കടന്നുകൂടുന്നു. വസ്തുതകൾ പെരുപ്പിച്ചുപറയുക, ഇല്ലാത്തത് ഭാവിച്ച് പറയുക എന്നിങ്ങനെ നുണകൾ വിവിധ രൂപങ്ങളിൽ വിശ്വാസികളിൽ കടന്നുകൂടുന്നു. അത്ഭുതരോഗശാന്തി, അന്യഭാഷ, ഭൂതങ്ങളെ പുറത്താക്കൽ, സുവിശേഷകന്മാരുടെ പ്രവർത്തനറിപ്പോർട്ട് ഇവയിലെല്ലാം എന്തു മാത്രം ഭോഷ്ക് കടന്നുകൂടുന്നു എന്നുള്ളത് പലർക്കും അറിയാവുന്ന കാര്യമാണ്.

''2019ൽ ഇവിടെ കുറെ പ്രശ്നങ്ങളുണ്ടായി; പക്ഷേ 2020 അങ്ങനെയല്ല. ഒരു പ്രശ്നവും ഉണ്ടാകയില്ല. സമൃദ്ധിയുടെ നദി കുത്തിയൊലിച്ച് ഒഴുകാൻ പോകയാണ് എന്നു ദൈവാത്മാവ് അരുളിച്ചെയ്യുന്നു'' എന്ന് ഒരു പാസ്റ്റർ പ്രസംഗിച്ചു. എന്നിട്ടോ? കുത്തിയൊലിച്ച് വന്നത് കൊറോണ! അപ്പോൾ അദ്ദേഹം വച്ചുകാച്ചിയത് നുണയായിരുന്നു എന്നു വ്യക്തമായില്ലേ? ദൈവജനത്തിന്റെ മധ്യേ നിന്ന് ഭോഷ്ക് പൂർണ്ണമായും മാറേണ്ടിയിരിക്കുന്നു.

കല്യാണം നടക്കാനായി പറയുന്ന നുണകൾ, ഗവൺമെന്റിൽനിന്നും ആനുകൂല്യങ്ങൾ ലഭിക്കാനായി പറയുന്ന നുണകൾ, നല്ല വരുമാനമുണ്ടായിട്ടും ബിപിഎൽ കാർഡുമായി നടക്കുന്ന വിശ്വാസികൾ, സഭാതർക്കങ്ങളിൽ ജയിക്കാനായി പറയുന്ന നുണകൾ, ഏതെങ്കിലും തരത്തിലുള്ള ശിക്ഷ ഒഴിവാക്കാനായി പറയുന്ന നുണകൾ... ഇവയിലൂടെയെല്ലാം പിശാചിന്റെ പിതൃത്വം വിശ്വാസികൾ ഏറ്റുപറയുകയാണ് ചെയ്യുന്നത്.

**3. കുറ്റം ചുമത്തുന്ന അപവാദി** (വെളിപാട് 12:10)

ദൈവജനത്തെ എപ്പോഴും കുറ്റം ചുമത്തിനിൽക്കുന്നവനാണ് പിശാച് എന്നു വെളി.12:10 ൽ ഉണ്ട്. ദൈവജനത്തെ ദൈവജനം തന്നെ കുറ്റം ചുമത്തിയാലോ? തെറ്റു ചൂണ്ടിക്കാണിക്കുന്നതല്ല ഇവിടെ ഉദ്ദേശിക്കുന്നത്. അനാവശ്യമായി അപവാദം പറഞ്ഞുണ്ടാക്കുക എന്നതാണ്. ഊഹത്തിന്റെ അടിസ്ഥാനത്തിലോ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലോ മനഃപൂർവ്വം ദ്രോഹിക്കണം എന്ന ആഗ്രഹത്താലോ കൂട്ടുസഹോദരങ്ങൾക്ക് നേരെ അപവാദം പറഞ്ഞുണ്ടാക്കുമ്പോൾ ഓർക്കുക – നാം പിശാചിന്റെ പാതയിലാണ്. കൃത്യമായി അറിയാത്ത കാര്യങ്ങൾ ആവേശത്തോടുകൂടി സംസാരിക്കരുത്, പറഞ്ഞുപരത്തരുത്. എത്രയോ നിരപരാധികളായ സഹോദരങ്ങൾ ഇതു നിമിത്തം കണ്ണീർക്കയത്തിൽ വീണിരിക്കുന്നു!

**4. ഈ ലോകത്തിന്റെ ദൈവം** (2 കൊരിന്ത്യർ 4:4; യോഹ.14:30)

പിശാചിന്റെ മറ്റൊരു വിശേഷണമാണിത്. ഈ ലോകത്തിന്റെ ദൈവം! ഈ ലോകത്തിന്മേൽ അധികാരം ഉള്ളവനാണ് അവൻ. അതുകൊണ്ട് ഈ ലോകത്തിലെ ആളുകൾ ആവേശം കാണിക്കുന്ന കാര്യങ്ങൾ അത്ര ഗുണമുള്ളതാവണമെന്നില്ല. മദ്യം, മയക്കുമരുന്ന്, വസ്ത്രഭ്രമം, ആഡംബരഭ്രമം, പൊങ്ങച്ചം, ചതി എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം ഈ ലോകത്തിൽ ധാരാളമായി കണ്ടുവരുന്നു. വിശ്വാസികൾ ആ വഴിക്ക് സഞ്ചരിക്കേണ്ടതില്ല. ‘‘ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു’’ (യാക്കോബ് 4:4). കാരണം ‘‘സർവലോകവും പിശാചിന്റെ അധീനതയിൽ കിടക്കുന്നു’’ (1 യോഹന്നാൻ 5:19). അതുകൊണ്ട് ലോകത്തിന്റെ ഇമ്പങ്ങളുമായി മുന്നേറുന്ന വിശ്വാസി വാസ്തവത്തിൽ പിശാചിനെ പ്രീതിപ്പെടുത്തുന്നവനാണ്.

നാലു കാര്യങ്ങൾ മാത്രമാണ് നാം ഇവിടെ ചിന്തിച്ചത്. നാം വിശ്വാസികളാണെന്നു പറയുകയും അതേ സമയം പ്രവൃത്തികളിലൂടെ പിശാചിന്റെ മക്കളാണെന്നു തെളിയിക്കുകയും ചെയ്യുന്ന ദുരവസ്ഥ! ബൈബിളിൽനിന്നും നാം നേടിയെടുക്കുന്ന അറിവുകൾ നമ്മുടെ ജീവിതത്തിൽ പകർത്താതെ പോകുമ്പോൾ നാം സമ്പൂർണ്ണപരാജയമായി മാറുന്നു. ഞായറാഴ്ചപ്രാർത്ഥന, കുടുംബപ്രാർത്ഥന, പാട്ട്, പ്രസംഗം, കോട്ടേജ് മീറ്റിംഗ് എന്നിവയിൽ മാത്രം വിശ്വാസജീവിതം ഒതുങ്ങാതെ അതിനപ്പുറത്തുള്ള പ്രായോഗകതലത്തിലേക്കു കൂടി നമ്മുടെ വിശ്വാസജീവിതം നാം വ്യാപിപ്പിക്കണം.

**എം. വി. സെബാസ്റ്റ്യൻ**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ കത്തു മുഖേനയോ, sms ആയോ, email ആയോ whatsapp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കുകയുമാവാം. whatsapp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം ഫോൺ: 95 44 557 557**

## Thomas Kunjachan, Kulathupuzha, Kollam

റിയൽ ലൈഫ് മാസികയ്ക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ. മാസിക മിക്ക മാസങ്ങളിലും ലഭിക്കുന്നുണ്ട്. ദൈവത്തിന്റെ അതിരറ്റ കൃപ യാൽ ഇത്രയും ലക്കങ്ങൾ വിഘ്നം കൂടാതെ പ്രസിദ്ധീകരിക്കുവാൻ സർവ കൃപാലുവായ ദൈവം കരുത്ത് നൽകി. ഏറെ പ്രതികൂലങ്ങൾക്കിടയിലും ഏറെ അനുകൂല സാഹചര്യങ്ങൾ ഒരുക്കിത്തന്ന കർത്താവിനു സ്തോത്രം. നല്ല ഹൃദയസ്പർശിയായ ഈടുറ്റ പഠനങ്ങൾ ലഭിക്കുന്നതിൽ നന്ദിയുണ്ട്. പ്രത്യേകിച്ച്, എം.വി.എസ്.-ന്റെ ലേഖനങ്ങൾ, പഠനങ്ങൾ, ഭാവനകൾ എല്ലാം ഹൃദയസ്പർശിയാകുന്നു.

2019 ഒക്ടോബറിലെ 'ഏറ്റുമുട്ടാം, ഒഴിഞ്ഞുമാറാം' എന്ന എഡിറ്റോറിയൽ പലർക്കും പ്രയോജനം ചെയ്യുന്നതും ചിന്തിപ്പിക്കുന്നതുമാണ്. 2020 മാർച്ചിലെ എഡിറ്റോറിയലിൽ, സജിത് രക്ഷിക്കപ്പെടാത്ത വിവരദോഷി എങ്കിലും 'വാലാ ട്ടിപ്പട്ടി' എന്നു കടുപ്പിച്ച് വിളിക്കേണ്ടതുണ്ടായിരുന്നുവോ? **(എഡിറ്റർ: 'വാലാട്ടി നന്ദി പ്രകടിപ്പിക്കുന്ന ഒരു ജീവി' എന്നാണ് ഞാൻ വിശേഷിപ്പിച്ചത്. പിന്മാറി പ്പോകുന്നവരെ സ്വന്ത ഛർദ്ദിക്ക് തിരിഞ്ഞ നായെന്നും കുളിച്ചിട്ട് ചളിയിൽ ഉരു ളുവാൻ തിരിഞ്ഞ പന്നിയെന്നും 2 പത്രൊസ് 2:22 ൽ വിശേഷിപ്പിക്കുന്നുണ്ടല്ലോ)**

താങ്കൾ നടത്തുന്ന ഈ മാസിക ഉത്തരോത്തരം കർത്താവിന്റെ വരവുവരെ വർദ്ധിച്ചുവരട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കയും ആശംസിക്കയും ചെയ്യുന്നു.

## V V George, Manakkody, Thrissur

ഏപ്രിൽമാസത്തിലെ മാസികയിൽ 'പരിശുദ്ധാത്മാവ്' എന്ന ലേഖനത്തിൽ ഒരാളുടെ കത്തും അതിനുള്ള ബ്രദറിന്റെ മറുപടിയും വായിച്ചു...ഞാൻ ഓർത്തഡോക്സ് സഭയിൽ ജനിച്ചു; പിന്നീട് ഐപിസിയിൽ സ്നാനപ്പെട്ടു. അന്യഭാഷ ലഭിക്കാൻ ഞാനും വളരെ ആഗ്രഹിച്ചു. കാത്തിരിപ്പുയോഗങ്ങളും പാസ്റ്റർമാർ തലയിൽ കൈവെക്കലും, ചെവിയിൽ പാസ്റ്റർമാരുടെ സ്വകാര്യം പറച്ചിലും, രക്തം രക്തം എന്നു വേഗത്തിൽ പറയലും, വായിൽ എന്താണ്

വരുന്നത് എന്നു വച്ചാൽ അതു പറയുക എന്ന നിർദ്ദേശവും ഇതൊക്കെ കേട്ട് ഞാനും അന്യഭാഷ പറഞ്ഞിരുന്നതാണ്... പിന്നീട് വചനം പഠിച്ചപ്പോൾ കാര്യങ്ങളുടെ സത്യാവസ്ഥ എനിക്ക് മനസ്സിലായി. ഇന്നു പെന്തെക്കോസ്തിലും പലരും ഈ വക സത്യങ്ങൾ മനസ്സിലാക്കി 'അന്യഭാഷ' പറയാതെ നടക്കുന്നവർ ഉണ്ട്. എന്നാൽ പലരും സത്യാവസ്ഥ മനസ്സിലാക്കാൻ താത്പര്യമുള്ളവരല്ല.

## Shirly Mathai, Aramkallu, Thrissur

*(ഏപ്രിൽമാസത്തിലെ എഡിറ്റോറിയൽ സംബന്ധിച്ച്)* ഭാര്യയും ഭർത്താവും ജോലിക്കു പോയാൽ രണ്ടു പേർക്കും കഷ്ടപ്പാടുണ്ട്. മക്കളും ചില ബുദ്ധിമുട്ടുകൾ അനുഭവിക്കണം. എന്നാൽ പൈസയ്ക്കു ഭർത്താവിനോട് ചോദിക്കേണ്ടി വരില്ല എന്നു ഭാര്യ കരുതും എന്നത് തെറ്റാണ്. തുറന്ന മനസ്സോടെ പരസ്പരം കരുതി ജീവിക്കുകയാണെങ്കിൽ സന്തോഷമാണ്. ജോലിയുള്ള അമ്മമാരുടെ മക്കൾ സ്വയം പര്യാപ്തത നേടും. ഊണ് കഴിച്ച് പാത്രം പോലും കഴുകാത്ത മക്കളെ ഞാൻ കണ്ടിട്ടുണ്ട്. അമ്മയ്ക്ക് വേറെ എന്താണ് ജോലി എന്നാണ് അവരുടെ ചോദ്യം. ജോലിയുള്ള അമ്മമാരുടെ മക്കൾക്ക് ഉത്തരവാദിത്വം വരും എന്നാണ് എന്റെ അനുഭവം.

## M C Chacko, Chovannur, Thrissur

ഏപ്രിൽമാസത്തിലെ 'ചോദ്യവും ഉത്തരവും' എന്ന പംക്തിയിൽ വീഞ്ഞിനെക്കുറിച്ച് എഴുതിയിരുന്നത് വായിച്ചു. വീഞ്ഞ് കുടിക്കാനുള്ള അനുവാദം ബൈബിൾ തരുന്നുണ്ടെന്നും പറഞ്ഞ് ഇന്ന് ചില വിശ്വാസികൾ മദ്യം കുടിക്കുന്നവരാണ്. മുട്ടുന്യായം കണ്ടെത്തി മദ്യം കുടിക്കുന്ന സുവിശേഷകന്മാർ വരെ ഉണ്ടെന്നു കേൾക്കുന്നു.

## Pr. Jose M J, Kumblampoika, Pathanamthitta

മാർച്ച്, ഏപ്രിൽ മാസങ്ങളിലെ *റിയൽ ലൈഫ് വോയ്സ്* മാസിക എനിക്കു ലഭിച്ചിട്ടില്ല. അയച്ചത് നഷ്ടപ്പെട്ടതാകാം. എനിക്കു വീണ്ടും അയച്ചുതന്നാൽ ഉപകാരമായി. ഞാൻ റിയൽ ലൈഫ് മാസിക ബൈൻഡ് ചെയ്തു സൂക്ഷിക്കാറുണ്ട്. അതുകൊണ്ട് ചില ലക്കങ്ങൾ കിട്ടാതെ പോയാൽ ബുദ്ധിമുട്ടാണ്.

## Vinoy P M, Choothupara, Waynad

വളരെ പ്രോത്സാഹനം തരുന്ന മാസികയാണ്. പക്ഷേ പലപ്പോഴും ലഭിക്കാതെ വരുന്നു. ഈ ശുശ്രൂഷ ഇനിയും ഫലകരമായി ചെയ്യുവാൻ ദൈവം അനുഗ്രഹിക്കട്ടെ. (**എഡിറ്റർ: എല്ലാ മാസവും കൃത്യമായി പോസ്റ്റു ചെയ്യുന്ന മാസിക കിട്ടാതെ പോകുന്നത് കഷ്ടം തന്നെ. REAL LIFE VOICE എന്ന വാട്സാപ് ഗ്രൂപ്പിൽ ചേരുക; മാസിക കൃത്യമായി അതിൽ പോസ്റ്റ് ചെയ്യുന്നുണ്ട്. www.reallifevoice.in എന്ന വെബ്സൈറ്റിലും മാസിക ലഭ്യമാണ്.**)

## Cheriyan C R, Nellikkunnu, Thrissur

2020 ഏപ്രിലിലെ എഡിറ്റോറിയലിന് ആത്മാർത്ഥമായി പ്രശംസ അറിയിക്കുന്നു. ഭർത്താവിന്റെയും ഭാര്യയുടെയും പങ്ക് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. വിശ്വാസികളുടെ ആഡംബരപൂർണ്ണമായ ജീവിതത്തെ വിമർശിച്ചതിന് വളരെ നന്ദി. ദൈവം തുടർന്നും താങ്കളെ അനുഗ്രഹിക്കട്ടെ.

## P L Thomas, Paravur, Ernakulam

100-ാം ലക്കം മാസിക വായിച്ചു. 'കൊറോണയെ കണ്ടപ്പോൾ കാണാണ്ടായ കൊറേയെണ്ണം' എന്ന ലേഖനം വളരെ നന്നായി. കച്ചവടമനസ്ഥിതിയും ദൈവവചനത്തെ ചൂഷണം ചെയ്യുന്നവരുമായ എല്ലാവർക്കുള്ള താക്കീതാണ് ആ ലേഖനം. 'ബെഥേലിലെ വൃദ്ധനായ പ്രവാചകൻ' എന്ന ലേഖനവും നന്നായി. കള്ളപ്രവാചകന്മാരെക്കൊണ്ട് മടുത്തിരിക്കുന്ന ഇക്കാലത്ത് ഇത്തരം ലേഖനങ്ങൾ വളരെ പ്രയോജനകരമാണ്.

## Dr. George T Oommen, Mannuthy, Thrissur

*(ഏപ്രിൽമാസത്തിലെ മാസികയെ സംബന്ധിച്ച്)* ലോക്ഡൗൺ ആയിട്ടും മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് ഒരു അനുഗ്രഹം തന്നെയാണ്. ദൈവം ഈ ശുശ്രൂഷയെ നിലനിർത്താൻ സഹായിക്കും.

## V J Thomas, Thrippunithura, Ernakulam

ചെറിയ പുസ്തകമാണെങ്കിലും വളരെ പ്രയോജനകരമാണ്. അവ സൂക്ഷിച്ചുവയ്ക്കുന്നുമുണ്ട്. ദൈവം ഈ ശുശ്രൂഷയെ അനുഗ്രഹിക്കട്ടെ.

## K M Kurien, Nilambur, Malappuram

ഭാര്യ ജോലിക്ക് പോകുന്നത് സംബന്ധിച്ച് എഴുതിയ എഡിറ്റോറിയൽ (ഏപ്രിൽമാസം) വളരെ കാലികപ്രധാനം തന്നെ; വചനാനുസൃതവും.

വൃദ്ധനും 82 വയസ്സുകാരനുമായ സഹോദരനുമായി പരിശുദ്ധാത്മാവ് സംബന്ധിച്ച് നടത്തിയ സംവാദം വായിച്ചു. ഞാനൊരു വൃദ്ധനും 85 വയസ്സുകാരനുമാണ്. ഐപിസി സ്ഥാപകൻ കെ.ഇ.എബ്രഹാം, മറ്റു നേതാക്കളായ പി.എം.ഫിലിപ്പ്, റ്റി.ജി.ഉമ്മൻ മുതലായ മധ്യതിരുവിതാംകൂറിൽ ഉണ്ടായിരുന്ന പെന്തെക്കോസ്തു നേതാക്കളെ നേരിട്ടറിയാം. അവരുടെ പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. മാസികകളും പുസ്തകങ്ങളും വായിച്ചിട്ടുണ്ട്. പരിശുദ്ധാത്മാഭിഷേകത്തിന്റെ ഏകവും പ്രത്യക്ഷവുമായ അടയാളം അന്യഭാഷാഭാഷണമാണ് എന്നു പ്രസംഗിക്കയും പ്രസിദ്ധീകരണങ്ങളിൽ എഴുതുകയും ചെയ്തിട്ടുണ്ട്.

പെന്തെക്കോസ്തുകാർ പൊതുവെ ആത്മപ്രാപണം, ആത്മാധിവാസം, ആത്മാച്ചാരം, ആത്മാഭിഷേകം, ആത്മമുദ്ര, ആത്മനിറവ്, ആത്മസ്നാനം എന്നിവയെല്ലാം പര്യായങ്ങളായി ഉപയോഗിക്കുന്നു. ഇതു ഓരോന്നിന്റെയും

പത്യേകത അവർ മനസ്സിലാക്കുന്നില്ല. അന്യഭാഷ പറഞ്ഞാൽ ഇതെല്ലാം കിട്ടിയെന്നാണ് അവർ മനസ്സിലാക്കുന്നത്. പെന്തെക്കോസ്തു സഭകളിൽ അന്യഭാഷ പറയുന്നത് ഭൂരിഭാഗവും സ്ത്രീകളാണ്. എന്നാൽ വചനത്തിൽ സ്ത്രീകൾ അന്യഭാഷ പറഞ്ഞതായി കാണുന്നില്ല. പുല്ലിംഗപ്രയോഗമാണ് കാണുന്നത് (1 കൊരി.14:26–38). അന്യഭാഷക്കാരൻ ആണ്; –കാരിയോ, –കാരത്തിയോ അല്ല.

1 കൊരി.14:20–22 അന്യഭാഷ അടയാളമായിരിക്കുന്നത് വിശ്വാസികൾക്കല്ല, അവിശ്വാസികൾക്കാണ്. ആരാണീ അവിശ്വാസികൾ? ഹിന്ദു–മുസ്ലീം–ബുദ്ധമതക്കാരോ, നാമധേയ ക്രിസ്ത്യാനികളോ ആണോ? തീർച്ചയായും അല്ല. പിന്നെയാര്? അവിശ്വാസികളായ യെഹൂദന്മാർ (യിസ്രായേല്യർ). അതുകൊണ്ടാണ് യെഹൂദന്മാർ ഇല്ലാതിരുന്നിടത്ത് അന്യഭാഷ പറയാതിരുന്നത്.

| | | | |
|---|---|---|---|
| അപ്പൊ..2 | യെരൂശലേം | യെഹൂദന്മാരുണ്ട് | അന്യഭാഷയുണ്ട് |
| അപ്പൊ.8 | ശമര്യ | യെഹൂദന്മാരില്ല | അന്യഭാഷയില്ല |
| അപ്പൊ.10 | കൈസര്യ | യെഹൂദന്മാരുണ്ട് | അന്യഭാഷയുണ്ട് |
| അപ്പൊ.18 | കൊരിന്ത് | യെഹൂദന്മാരുണ്ട് | അന്യഭാഷയുണ്ട് |
| അപ്പൊ.19 | എഫെസൊസ് | യെഹൂദന്മാരുണ്ട് | അന്യഭാഷയുണ്ട് |

ഇന്നു ഏതു പെന്തെക്കോസ്തുസഭകളിലാണ് അവിശ്വാസികളായ യെഹൂദന്മാർ ഉള്ളതും അവർക്കടയാളമായി അന്യഭാഷ പറയുന്നതും?

## Pauly Thomas, Jalahalli, Banglore

*(ഏപ്രൽമാസത്തിലെ എഡിറ്റോറിയൽ സംബന്ധിച്ച്)* പെൺകുട്ടികളെ മാതാപിതാക്കൾ നന്നായി പഠിപ്പിക്കണം. അവർ സ്വന്തമായി ഒരു ജോലി ചെയ്യത്തക്കവിധം അവരെ പ്രാപ്തരാക്കണം. വിവാഹത്തിനു മുമ്പ് കഴിയുമെങ്കിൽ അവർ ഒരു ജോലി സ്വന്തമാക്കട്ടെ. വിവാഹം കഴിഞ്ഞതിനുശേഷം അവർ ജോലി ചെയ്യണോ വേണ്ടയോ എന്നു ഭാര്യയും ഭർത്താവും ഒരുമിച്ചിരുന്ന് തീരുമാനിക്കട്ടെ.

### കൊറോണാദേവൻ!

**കൊറോണ വില്ലനല്ല; ദേവനാണ്. മഠത്തിലെ കിണറ്റിൽ വീണു മരിച്ച കന്യാസ്ത്രീകൊച്ചിന്റെ കാര്യം കൊറോണച്ചൂടിൽ അധികാമാരും ചർച്ച ചെയ്യാതെ പോയി. മഠം രക്ഷപ്പെട്ടു. ആ സിസ്റ്ററുടെ ശവം കിണറ്റിൽ കണ്ടപ്പോൾ ഇതുപോലെ ഒരു കൊറോണക്കാലം ഉണ്ടായിരുന്നെങ്കിൽ എന്നു അഭയക്കേസിലെ പ്രതികളായ അച്ചനും കന്യാസ്ത്രീയുമെങ്കിലും ആഗ്രഹിച്ചിട്ടുണ്ടാകണം. പൗരത്വബിൽ സംബന്ധിച്ചുള്ള സമരത്തിന്റെ തീജ്വാലയും ഈ കൊറോണ കാരണം കെട്ടുപോയി. കള്ളും കുടിച്ച് വണ്ടി ഓടിച്ച് ഒരു പത്രക്കാരന്റെ മരണത്തിനിടയാക്കിയ ആ ഐഎസ്കാരൻ കൊറോണയുടെ മറവിൽ ജോലിയിൽ പ്രവേശിച്ചു. ജയിലിൽനിന്നും കുറെ പേർ കൊറോണയുടെ പേരിൽ വിട്ടയക്കപ്പെട്ടു. അതെ, കൊറോണ ചിലർക്കെങ്കിലും ദേവനാണ്.** (എംവിഎസ്)

# മഹാഭാഗ്യം!

22

**റ്റി. ജോൺമാത്യു, മണ്ണുത്തി**

“ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല” (1 കൊരി.2:9) എന്നു നാം വചനത്തിൽ വായിക്കുന്നു. ഇതിനർത്ഥം ദൈവത്തെ സ്നേഹിക്കുവാൻ നമുക്കിടയാകുന്നത് ഒരു മഹാഭാഗ്യം തന്നെയാണെന്നാണ്. നമ്മുടെ നിത്യത അനുഗ്രഹിക്കപ്പെട്ടതായിരിക്കണമോ അല്ലയോ എന്ന്, ഇന്നു തന്നെ ആണ് തീരുമാനിക്കപ്പെടുന്നത്. ദൈവത്തെ സ്നേഹിക്കുന്നതിനും സ്നേഹിക്കാതിരിക്കുന്നതിനും ഇന്നു നമുക്കു സാധിക്കും. സ്നേഹിക്കുന്നവർക്ക് നിത്യത മുഴുവൻ നിലനിൽക്കുന്ന വിലയേറിയ പ്രതിഫലം ലഭിക്കും.

അതിനെക്കുറിച്ച് വചനത്തിൽ നാം വായിക്കുന്നത്: “ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും” (ദാനിയേൽ 12:3) എന്നാണ്. നാം ഓരോരുത്തരും കർത്താവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കുവാൻ പോകയാണ്. ഇന്നു ലോകത്തിൽ നമുക്കുള്ള ബന്ധുക്കളും മിത്രങ്ങളും നാം ബന്ധപ്പെട്ടു നിൽക്കുന്ന സഭയും മതവും ഒന്നും നമ്മുടെ പക്ഷം പിടിച്ചു വാദിക്കുവാൻ അന്നു നമ്മോടുകൂടെ ഉണ്ടായിരിക്കുകയില്ല.

ഇന്ന്, മനുഷ്യരായ അവരെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽനിന്നു പിന്തിരിഞ്ഞാൽ അന്നു നാം വളരെ ദുഃഖിക്കുകയും ലജ്ജിക്കുകയും ചെയ്യേണ്ടിവരും. ദൈവവചനത്തിന്റെ മുമ്പാകെ പൂർണ്ണമായ വിശ്വസ്തത പാലിച്ചുകൊണ്ട്, ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുകയും അനുസരിക്കുകയുമാണ് ഇപ്പോൾ നാം ചെയ്യേണ്ടത്. നമുക്കുവേണ്ടി ക്രൂശിൽ ജീവൻ വെടിഞ്ഞ യേശുക്രിസ്തുവിനെ സ്നേഹിക്കാനും അനുസരിക്കാനും കഴിയാതെ പോയാൽ അതിനെക്കാൾ വലിയൊരു നിർഭാഗ്യം ഉണ്ടാകാനില്ല.

“നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും” (യോഹ.14:15) എന്നാണല്ലോ യേശു അരുളിച്ചെയ്തത്. “കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും ശപിക്കപ്പെട്ടവൻ!

നമ്മുടെ കർത്താവ് വരുന്നു" എന്ന് 1 കൊരി.16:22 ൽ നാം വായിക്കുന്നു. നാം പാപം മൂലം ദൈവത്തിന്റെ ദൃഷ്ടിയിൽ ശത്രുക്കളായിരുന്നപ്പോൾ തന്നെ നമ്മെ സ്നേഹിച്ച് നമുക്കുവേണ്ടി വില തീരാത്ത പാപമോചനം തന്റെ മരണം മൂലം സൗജന്യമായി നൽകിയ യേശുവിനെ നമ്മുടെ ജീവനേക്കാൾ അധികമായി നാം സ്നേഹിച്ചെങ്കിലേ മതിയാകൂ.

സ്നേഹിക്കുന്നെങ്കിൽ അവനെ നാം അനുസരിക്കും. അനുസരിക്കുന്നെങ്കിൽ അവന്റെ ശിഷ്യരായിത്തീരും. ശിഷ്യരായിത്തീർന്നാൽ അവനിൽ വസിച്ചുകൊണ്ട് (യോഹ.15:5) നാം വളരെ ഫലം കായ്ക്കും. അങ്ങനെ നമ്മുടെ സമസൃഷ്ടങ്ങളിൽ അനേകരെ പാപത്തിന്റെ ബന്ധനത്തിൽനിന്നു രക്ഷയിലേക്കും യേശുവിന്റെ ശിഷ്യത്വത്തിലേക്കും നയിക്കുന്നവരായി നാം കാണപ്പെടും. പാപത്തിന്റെ വാഴ്ചയും അതിന്റെ ഭീകരതയും ഭൂമിയിൽനിന്നു തുടച്ചുനീക്കുന്ന, ദൈവത്തിന്റെ മഹത്തായ വേലയിൽ വിലപ്പെട്ട പങ്കുവഹിച്ചവർ എന്ന ബഹുമതി നിത്യത മുഴുവൻ ദൈവമുമ്പാകെ നമുക്കുണ്ടായിരിക്കും.

ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽവച്ച് വില തീരാത്തതും നിത്യവുമായ പ്രതിഫലം നമുക്കു ലഭിക്കും. നമ്മുടെ സമസൃഷ്ടങ്ങളോടുള്ള സ്നേഹവും കർത്താവിന്റെ മുമ്പാകെയുള്ള അനുസരണവും അതു നേടിയെടുക്കുവാൻ നമ്മെ പ്രാപ്തിപ്പെടുത്തട്ടെ. യേശുവിന്റെ ശിഷ്യത്വം ശരിയായ വിധത്തിൽ നമ്മുടെ ജീവിതത്തിൽ കാണപ്പെടുവാൻ തക്കവണ്ണം ദൈവാത്മാവിന്റെ സമ്പൂർണ്ണമായ നിയന്ത്രണത്തിനു നമുക്കു നമ്മെത്തന്നെ വിധേയപ്പെടുത്താം.

ദൈവവചനം കൃത്യമായി മനസ്സിലാക്കി പൂർണ്ണമായി അനുസരിച്ചുകൊണ്ട് നമ്മുടെ സമസൃഷ്ടങ്ങളുടെ ഹൃദയങ്ങളിലേക്ക് ആ സത്യവചനത്തിന്റെ പ്രകാശം പരത്തുവാൻ ദൈവകൃപയിലാശ്രയിച്ചു നമുക്കു ആത്മാർത്ഥമായി പരിശ്രമിക്കാം. അതു ചെയ്യാൻ കഴിയുന്നത് മഹാഭാഗ്യമാണ്.

**കിരീടങ്ങൾ**

ദൈവവചനത്തിൽ കിരീടങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ നാം വായിച്ചുനോക്കിയാൽ, ഇന്നു കഷ്ടതയും പട്ടിണിയും അപമാനവും ഒക്കെ സഹിച്ചുകൊണ്ട് കർത്താവിന്റെ വേല ചെയ്യുന്നവർക്കു ലഭിക്കാൻ പോകുന്ന മഹത്തായ പ്രതിഫലത്തെക്കുറിച്ചു ചെറിയോരു സൂചന നമുക്കു ലഭിക്കും. ക്രിസ്തീയജീവിതമാകുന്ന ഓട്ടം സർവശക്തിയും ഉപയോഗിച്ച് ഓടേണ്ട ഒരു ഓട്ടമാണെന്നും കായികമത്സരങ്ങളിൽ

വിജയികളായിത്തീരുന്നവർക്കു വളരെ വിലപിടിപ്പുള്ള സമ്മാനങ്ങളും ബഹുമതിയും ലഭിക്കുന്നതുപോലെ, വിശ്വസ്തതയോടെ ദൈവവചനം അനുസരിക്കുന്നവർക്ക് കർത്താവ് ഒരുനാളിൽ വില തീരാത്ത പ്രതിഫലം നൽകുമെന്നും 1 കൊരി.9:24 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ഒരിക്കലും തേജസ്സ് മങ്ങിപ്പോകാത്ത മഹത്വമേറിയ കിരീടമാണ് വചനത്തോടു വിശ്വസ്തത പുലർത്തുന്നവർക്ക് ദൈവം നൽകുന്നത്. യേശുക്രിസ്തുവിന്റെ നല്ല ഭടനായി ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ (എഫെ.6:17) ഉപയോഗിച്ചു യുദ്ധം ചെയ്ത് സാത്താന്റെ കോട്ടകളെ തകർക്കുകയും സത്യവിശ്വാസം കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന ദൈവപൈതലിനു നീതിയുടെ കിരീടം ലഭിക്കുമെന്ന് 2 തിമൊ.4:7-8 വാക്യങ്ങളിൽ നാം കാണുന്നു.

പരീക്ഷകൾ ക്ഷമയോടെ സഹിക്കാനും വിശ്വാസസംരക്ഷണത്തിനായി എത്ര വലിയ ത്യാഗം സഹിക്കാനും നാം തയ്യാറാകണമെന്നാണ് കർത്താവ് കല്പിച്ചിരിക്കുന്നത്. “പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും” എന്നു യാക്കോബ് 1:12 ലും, “നീ സഹിപ്പാനുള്ളതു പേടിക്കേണ്ട; നിങ്ങളെ പരീക്ഷിക്കേണ്ടതിനു പിശാച് നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു... മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും” എന്നു വെളിപ്പാട് 2:10 ലും നാം വായിക്കുന്നു.

യേശുക്രിസ്തുവിന്റെ സാർവത്രികസഭയുടെ ഭാഗങ്ങളായി വിവിധ സ്ഥലങ്ങളിൽ രൂപം കൊള്ളുന്ന പ്രാദേശികസഭകളെ വചനപ്രകാരം പരിപാലിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സഭാമൂപ്പന്മാർക്ക് (അദ്ധ്യക്ഷന്മാർക്ക്) തേജസ്സിന്റെ വാടാത്ത കിരീടം ലഭിക്കുമെന്നു 1 പത്രൊസ് 5:4 ൽ പറഞ്ഞിരിക്കുന്നു.

ചുരുക്കത്തിൽ, ഇന്നു നമുക്കു ഭാവന ചെയ്യുവാൻ കഴിയുന്നതിലപ്പുറമായ വളരെ വലിയ പ്രതിഫലമാണ് ദൈവവചനത്തിനു മുമ്പിൽ തങ്ങളെത്തന്നെ വിനയപ്പെടുത്തി കർത്താവിനെ അനുസരിച്ചു ജീവിക്കുന്ന സകല ദൈവമക്കൾക്കും ലഭിക്കാൻ പോകുന്നത്. അനുസരണക്കുറവുമൂലം ഉണ്ടാകുന്ന നഷ്ടവും ഇതുപോലെ തന്നെ വളരെ വലുതായിരിക്കും. അതിനാൽ ആ നഷ്ടം നമുക്കുണ്ടാകാതിരിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

**(തുടരും)**

# 7 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

*(പുതിയനിയമം വായിക്കുമ്പോൾ നാം കാണുന്ന മരങ്ങൾ, മലകൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ചുള്ള ഒരു ആസ്വാദനം)*

**ഒന്നാം ഭാഗം: മരങ്ങൾ**

**6. കടുക്‌വൃക്ഷം** (മത്തായി 13:31,32)

*“അതു (കടുക്) എല്ലാ വിത്തിലും ചെറിയതെങ്കിലും വളർന്നു സസ്യങ്ങളിൽ ഏറ്റവും വലുതായി, ആകാശത്തിലെ പറവകൾ വന്നു അതിന്റെ കൊമ്പുകളിൽ വസിപ്പാൻ തക്കവണ്ണം വൃക്ഷമായി തീരുന്നു.”*

കടുകുവൃക്ഷമോ! കടുകിന്റേത് ഒരു കൊച്ചുചെടിയല്ലേ? ‘A small plant’ എന്നാണ് Oxford Advanced Learner’s Dictionary-യിൽ അർത്ഥം കൊടുത്തിരിക്കുന്നത്. അത് എങ്ങനെ ഏറ്റവും വലിയതാകും? പക്ഷികൾക്ക് വസിക്കാൻ തക്കവിധം കൊമ്പുകളുള്ള വൃക്ഷമാണോ അത്?

**കടുകും പാലസ്തീനും**

ബൈബിളിന്റെ എഴുത്തുകാർക്കു പറ്റിയ ഒരു ആനമണ്ടത്തരം എന്ന നിലയിൽ, കടുകിനെക്കുറിച്ചുള്ള ഈ പരാമർശത്തെ വിലയിരുത്തുന്ന വിമർശകരുണ്ട്. പള്ളിക്കൂടത്തിൽ പോകാത്ത കർത്താവിന് സസ്യശാസ്ത്രത്തിൽ (ബോട്ടണി) വേണ്ടത്ര വിവരമില്ലാതെ പോയതു നിമിത്തമാണ് ഇങ്ങനെയുള്ള വിഡ്ഢിത്തങ്ങൾ വിളിച്ചുകൂവിയത് എന്നു ചിലർ ചിന്തിക്കുന്നു. കർത്താവിന്റെ സർവജ്ഞാനം എന്ന ദൈവികഗുണത്തെ വേണ്ട രീതിയിൽ മനസ്സിലാക്കാൻ കഴിയാതെ പോയ സാധുക്കൾ എന്ന് നമുക്ക് അവരെ വിളിക്കാം.

കേരളത്തിലെ ഒരു പെൺദൈവത്തോട്, ‘ഒരു ദിവസം എത്ര മണിക്കൂർ ഭക്തർക്ക് അനുഗ്രഹം കൊടുക്കാനായി ഇരിക്കും?’ എന്നു ചോദിച്ചപ്പോൾ, ‘ഇരുപത്തിയാറു മണിക്കൂർ വരെ ഇരിക്കും’ എന്നായിരുന്നു മറുപടി! പെട്ടെന്നു എന്തോ പന്തികേടു തോന്നിയ ആൾദൈവം, കൂടെ നിൽക്കുന്ന സഹായിയോട് ‘ഒരു ദിവസത്തിൽ എത്ര മണിക്കൂർ ഉണ്ട്?’ എന്നു ചോദിച്ചു. ‘ഇരുപത്തിനാല്’ എന്നു അദ്ദേഹം മറുപടി പറഞ്ഞു. ചമ്മലിന്റെ ആഴവും പരപ്പും കുറയ്ക്കാനായി ഒരു ചിരി ചിരിച്ച് ആ ആൾദൈവം വാചകമടി തുടരുന്നതിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലായിരുന്നു. യൂട്യൂബിൽ ഇപ്പോഴും അതു ലഭ്യമാണ്.

ഇതുപോലെ, മണ്ഡരി ബാധിച്ച മണ്ടയുമായി ഈ ഭൂമിയിൽ ജീവിച്ചവനല്ല നമ്മുടെ കർത്താവ്. കടുകിനെ സൃഷ്ടിച്ചവന്, എത്ര ഇനം കടുക് ഈ ഭൂമിയിലുണ്ടെന്ന് നന്നായി അറിയാം. സസ്യശാസ്ത്രജ്ഞന്മാരുടെ സഹായമോ ഉപദേശമോ നമ്മുടെ കർത്താവിന് തെല്ലും ആവശ്യമില്ല. കടുകിനെക്കുറിച്ചു കർത്താവ് പറഞ്ഞത് കേട്ട് നെറ്റി ചുളിക്കുന്നവർ ഒരു കാര്യം ഓർക്കുക: നിങ്ങൾ കണ്ടു പരിചയിച്ച കടുക് ഒരു പക്ഷേ കൊച്ചുസസ്യമായിരിക്കാം. പക്ഷേ, ആ കൊച്ചുസസ്യമായ ഇനത്തിൽ പെട്ട കടുകിനെക്കുറിച്ചല്ല കർത്താവ് പറഞ്ഞത്; പിന്നെയോ വൃക്ഷമായിത്തീരുന്ന കടുകിനെക്കുറിച്ചാണ്.

പത്തോ പതിനഞ്ചോ അടി വരെ ഉയരം വരുന്ന കടുകുവൃക്ഷങ്ങൾ പാലസ്തീനിൽ ഉണ്ടെന്നാണ് ഇതു സംബന്ധിച്ച് വേദപണ്ഡിതന്മാർ അവകാശപ്പെട്ടിട്ടുള്ളത്. അതു നാം കണ്ടുപരിചയിച്ച കടുക് ആകണമെന്നില്ല; കടുകിന്റെ മറ്റൊരു ഇനം ആകാം. അല്ലെങ്കിൽ മണ്ണിന്റെ വളക്കൂറിന്റെ ആധിക്യം നിമിത്തം കടുക് കൂടുതൽ പുഷ്ടിയോടെ വളരുന്നതാകാം. നിരക്ഷരകുക്ഷികളായ ചില ആൾദൈവങ്ങളുടെ ഗണത്തിൽ കർത്താവിനെയും ഉൾപ്പെടുത്തി ചിന്തിക്കുന്നതുകൊണ്ടാണ്, കടുകിന്റെ പേരിൽ കർത്താവിനെ വിമർശിക്കാൻ അല്പായുസ്സുകളായ ലോകപണ്ഡിതന്മാർ തയ്യാറാവുന്നത് എന്നു പറയേണ്ടിയിരിക്കുന്നു.

### കടുകും വളർച്ചയും

എളിയ തുടക്കമാണ് പാലസ്തീനിലെ കടുകിനുള്ളത്. ഏറ്റവും ചെറിയ കടുകുവിത്ത് മുളച്ച്, തൈയായി, ചെടിയായി, ഒടുവിൽ വൃക്ഷമായിത്തീരുന്നു. ആകാശത്തിലെ പക്ഷികൾക്ക് നല്ലൊരു സങ്കേതമായിത്തീരുന്നു. ഏറ്റവും ചെറിയ വിത്ത് മുളച്ച് വളർന്ന്, പാലസ്തീനിലെ ഏറ്റവും വലിയ വൃക്ഷമായിത്തീരുന്നു എന്നത് തികച്ചും അത്ഭുതം തന്നെയാണ്. ഏറ്റവും ചെറിയ വിത്തിൽ ഏറ്റവും വലിയ വൃക്ഷത്തെ ഉള്ളടക്കം ചെയ്തിരിക്കുന്ന ദൈവത്തിന്റെ കരവിരുത് എത്രയോ ശ്രേഷ്ഠം! സ്രഷ്ടാവിന്റെ മഹത്വവും ഔന്നത്യവും വെളിപ്പെടുത്തുന്നതാണ് ഓരോ സൃഷ്ടിയും. ഒരു ചെറിയ ചക്കക്കുരുവിൽനിന്നും വലിയ പ്ലാവിനെയും നിരവധി ചക്കകളെയും പുറത്തു കൊണ്ടുവരുന്ന ദൈവികജ്ഞാനം ആരെയാണ് അമ്പരിപ്പിക്കാത്തത്? കടുകും അങ്ങനെത്തന്നെ നമ്മെ വിസ്മയിപ്പിക്കുന്നു. അങ്ങനെ ഓരോ സൃഷ്ടിയും സ്രഷ്ടാവിന്റെ മഹത്വത്തെ വിളിച്ചോതുന്നുണ്ടല്ലോ.

### കടുകും സ്വർഗ്ഗരാജ്യവും

എളിയ രീതിയിൽ തുടങ്ങി വലിയ വൃക്ഷമായിത്തീരുന്ന കടുകിനോടാണ് കർത്താവ് സ്വർഗ്ഗരാജ്യത്തെ ഉപമിച്ചത്. ആത്മികമായ പ്രവർത്തനങ്ങളുടെ തുടക്കം ചെറിയ രീതിയിലായാലും, ദൈവം അതിനെ വളർത്തി

പന്തലിപ്പിക്കും എന്ന ആശയമാണ് കർത്താവ് ഇവിടെ വെളിപ്പെടുത്തിയത്. കർത്താവിന്റെ പ്രവർത്തനം തന്നെ നമുക്കു നോക്കാം. ഒതുങ്ങിയ വിധമുള്ള രംഗപ്രവേശമായിരുന്നു നമ്മുടെ കർത്താവിന്റേത്. കർത്താവിന്റെ മുന്നേറ്റത്തെ തടയാൻ നോക്കിയവർ ധാരാളമുണ്ടായിരുന്നു. അക്കൂട്ടത്തിൽ കുടുംബക്കാരും, യെഹൂദ്യരും, പട്ടാളക്കാരും ഒക്കെ ഉണ്ടായിരുന്നു. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ, 'വീട്ടുകാരും സഭക്കാരും രാഷ്ട്രീയക്കാരും പോലീസും പട്ടാളവും' ഒക്കെ ഉണ്ടായിരുന്നു.

അതെ, ഭൂരിപക്ഷം കർത്താവിന് എതിരായിരുന്നു. കൂടെയുണ്ടായിരുന്നതോ വിദ്യാഭ്യാസമില്ലാത്ത കുറെ മുക്കുവന്മാർ, ഏഴു ഭൂതങ്ങളുണ്ടായിരുന്ന മഗ്ദലനക്കാരത്തി മറിയ, കുഷ്ഠരോഗിയായിരുന്ന ശീമോൻ, സമൂഹം വെറുക്കുന്ന ചുങ്കക്കാരനായ മത്തായി... ലോകപ്രകാരം നോക്കിയാൽ, തിളക്കം കുറവുള്ള കുറെ പേരായിരുന്നു കർത്താവിന്റെ കൂടെ ഉണ്ടായിരുന്നത്. സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട കുറെ പേർ!

എളിയ തുടക്കം; കടുകിനെപ്പോലെ! പക്ഷേ സഭ പടർന്നു പന്തലിക്കുക തന്നെ ചെയ്തു. കർത്താവ് ആരംഭിച്ച പ്രസ്ഥാനത്തെ തകർക്കുവാൻ നോക്കി അമ്പേ പരാജയപ്പെട്ടവരുടെ ലിസ്റ്റിനു വളരെ നീളം കൂടും. ഇന്നും പുതിയ പുതിയ ശത്രുക്കൾ ദൈവസഭയ്ക്കെതിരെ പല്ലും നാവും കടിച്ചു വരുന്നുണ്ട്. മുമ്പേ വന്നവരുടെ ഗതി തന്നെയാകും അവർക്കും എന്നതിൽ സംശയം വേണ്ട.

**കടുകു തരുന്ന പാഠം**

കടുകു തരുന്ന പാഠം എന്താണെന്നത് ഇതിനോടകം വ്യക്തമായല്ലോ. ദൈവനാമ മഹത്വത്തിനായി നാം തുടങ്ങിവയ്ക്കുന്ന ഏതൊരു ചെറിയ തുടക്കവും, കൃപയാൽ വിസ്തൃതമാകും. ഇതാണ് കടുക് നമ്മെ പഠിപ്പിക്കുന്നത്. ചെറിയ രീതിയിൽ കാര്യങ്ങൾ ആരംഭിക്കുന്നതിനു ആരും മടി വിചാരിക്കേണ്ടതില്ല. ലക്ഷ്യം ദൈവനാമ മഹത്വമാണെങ്കിൽ, ദൈവം അതിനെ വളർത്തി പടരുമാറാക്കും.

പക്ഷേ, ഇന്നത്തെ ലോകത്തിൽ, ചെറിയ തുടക്കം ആഗ്രഹിക്കുന്നവർ ചുരുക്കമാണ്. തുടക്കം തന്നേ ഗംഭീരമാക്കാനാണ് പലരും ആഗ്രഹിക്കുന്നത്. ലക്ഷങ്ങൾ കടമെടുത്ത് ഗംഭീരമായി തുടങ്ങി, എട്ടു നിലയിൽ പൊട്ടുന്നതിനേക്കാൾ നല്ലത്, എളിയ രീതിയിൽ തുടങ്ങി, ദൈവാനുഗ്രഹത്തിന്റെ ചിറകിലേറി, പതുക്കെ പതുക്കെ മുന്നേറുന്നതാണ്. അതെ, അതാണ് എപ്പോഴും നല്ലത്.

(തുടരും)

*visit our website:*
**www.reallifevoice.in**

# പരിശുദ്ധാത്മാവ്

25

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**ആധുനിക അന്യഭാഷയുടെ ചരിത്രം!**

ഇന്നു നാം പറഞ്ഞുകേൾക്കുന്ന അന്യഭാഷ ബൈബിളിൽ കാണുന്ന തരം അന്യഭാഷ അല്ലെന്നു ഇതിനോടകം തെളിയിച്ചതാണല്ലോ. ബൈബിളിൽ നിർദ്ദേശിച്ചിരിക്കുന്ന ക്രമം (1 കൊരിന്ത്യർ 14:27-28) ഇന്നത്തെ അന്യഭാഷക്കാർക്ക് പിന്തുടരാൻ കഴിയുന്നില്ല എന്നതും, അവർ പറയുന്നത് എന്തെന്ന് അവർക്കും മറ്റുള്ളവർക്കും മനസ്സിലാകുന്നില്ല എന്നതും, ഏതൊരു ഭാഷയ്ക്കും ഉള്ളതുപോലെ ഇവർ പറയുന്ന ഭാഷയ്ക്ക് പദസമ്പത്ത് ഇല്ലാ എന്നതും ഇവരുടെ അന്യഭാഷ വെറും കള്ളമാണ് എന്ന് വ്യക്തമാക്കുന്നു.

പിന്നെ എന്നാണ് ഇത്തരം അന്യഭാഷ പറഞ്ഞുതുടങ്ങിയത്? ആരാണ് പറഞ്ഞുതുടങ്ങിയത്? ലോകത്തിലെ അനേകം വിശ്വാസികളെ വഴി തെറ്റിച്ച്, ചില അക്ഷരങ്ങൾ വേഗത്തിൽ പറഞ്ഞ് അത് അന്യഭാഷയാണെന്ന് ആളുകളെ വിശ്വസിപ്പിക്കുന്ന ഈ അന്യായം തുടങ്ങിയത് ഒരു സ്ത്രീയാണ്. **ആഗ്നസ് ഒസ്മാൻ** എന്നാണ് ആ ഭവതിയുടെ പേര്. **1901 ജനുവരി 1-ാം തീയതി** ആണ് ഇവൾ അന്യഭാഷ എന്ന പേരിൽ ചിലത് പറഞ്ഞുതുടങ്ങിയത്. ഏതു അസത്യവും വിശ്വസിക്കാൻ ആളുകൾ ഉണ്ട്. അനേകർ ഇവളെ പിന്താങ്ങി. ഇന്നും പുരുഷന്മാരേക്കാൾ അധികം അന്യഭാഷ സംസാരിക്കുന്നത് സ്ത്രീകളാണ്.

ഇതേക്കുറിച്ച് വിവിധ പുസ്തകങ്ങളിൽ നിന്നുമുള്ള ചില ഉദ്ധരണികൾ താഴെ കൊടുക്കുന്നു.

### 1. ബോബി ഡോക്കറി (Bobby Dockery)

1900-ത്തിൽ ചാൾസ് എഫ് പർഹാം (Charles F Parham) എന്ന മെതഡിസ്റ്റ് ശുശ്രൂഷകൻ ഒരു ബൈബിൾസ്കൂൾ ആരംഭിച്ചു. ഏകദേശം 40 വിദ്യാർത്ഥികൾ അവിടെ ചേർന്നു. പർഹാം സമ്പൂർണ്ണവിശുദ്ധി നേടാനും ആത്മസ്നാനം നേടാനും തന്റെ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ചു. അന്യഭാഷ ലഭിക്കാനായി പ്രാർത്ഥിക്കാനും അദ്ദേഹം അവരോട് ആവശ്യപ്പെട്ടു. 1901 പുതുവർഷദിനത്തിൽ ഒരു

ഒരു ദിവസം നീളുന്ന പ്രാർത്ഥനായോഗത്തിൽ വച്ച് പർഹാമിന്റെ വിദ്യാർത്ഥിനിയായ ആഗ്നസ് എൻ ഒസ്മാൻ (Agnas N Osman) എന്ന യുവതി ചിലത് സംസാരിക്കുകയും അത് അന്യഭാഷയായി പരിഗണിക്കപ്പെടുകയും ചെയ്തു. (from the book, *The Holy Spirit: Unraveling the Mystery* by Bobby Dockery)

### 2. ജെ.സി.ദേവ്

"1901 ൽ അമേരിക്കയിൽ ടോപ്പക്കാ എന്ന സ്ഥലത്ത് പർഹാം എന്ന വ്യക്തിയുടെ ചുമതലയിലുള്ള ബഥേൽ ബൈബിൾ കോളേജിലെ മിസ്സ്. ആഗ്നസ് എൻ ഓസ്മാൻ എന്ന വിദ്യാർത്ഥിനിക്കുണ്ടായ ഏതോ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഉടലെടുത്ത ഒരു പ്രസ്ഥാനമാണ് ആധുനിക പെന്തെക്കോസ്ത് എന്നറിയപ്പെടുന്ന ഇന്നത്തെ പെന്തെക്കോസ്ത് പ്രസ്ഥാനം." (*തിരുവെഴുത്തിലെ പരിശുദ്ധാത്മാവും ആധുനിക പെന്തെക്കോസ്തിന്റെ ആത്മാവും* എന്ന പുസ്തകത്തിന്റെ അവതാരികയിൽനിന്നും എടുത്തത്)

### 3. പാസ്റ്റർ റ്റി. എസ്. എബ്രഹാം

"1901 ജനുവരി 1-ാം തീയതി വൈകിട്ട് ഏഴുമണിയോടുകൂടെ ആഗ്നസ് സഹോദരി പെർഹാമിന്റെ സമീപെ ചെന്ന് പുതിയനിയമസഭയിൽ ചെയ്തിട്ടുള്ളതുപോലെ, പരിശുദ്ധാത്മാഭിഷേകം പ്രാപിക്കേണ്ടതിനായി അദ്ദേഹം തന്റെ മേൽ കൈവച്ച് പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടു. അദ്ദേഹം ആ അനുഭവം പ്രാപിച്ചിട്ടില്ലാതിരുന്നതിനാൽ അങ്ങനെ കൈവച്ച് പ്രാർത്ഥിക്കുന്നതിൽ വൈമനസ്യം പ്രകടിപ്പിച്ചു. എങ്കിലും സഹോദരിയുടെ നിർബന്ധപ്രകാരം, അവളുടെ മേൽ കൈവച്ച് പ്രാർത്ഥിച്ച ഉടൻ തന്നെ അവൾ ഒരു ദിവ്യപ്രകാശത്താൽ ആവരണം ചെയ്യപ്പെടുകയും പരിശുദ്ധാത്മപൂർണ്ണയായി അന്യഭാഷകളിൽ സംസാരിക്കയും ചെയ്തു. ഈ നൂറ്റാണ്ടിലെ പ്രഥമ പിൻമഴപ്പകർച്ചയുടെ ആദ്യത്തെ അനുഭവസ്ഥ ആഗ്നസ് എൻ ഓസ്മാൻ എന്ന ഈ സഹോദരിയാണ്." (*പെന്തെക്കോസ്തു പ്രസ്ഥാനം* പേജ് 11,12)

### 4. ഡോക്ടർ കെ സി തോമസ്

"ഇന്നറിയപ്പെടുന്ന ആധുനിക പെന്തെക്കോസ്തു പ്രസ്ഥാനം ഒന്നാം നൂറ്റാണ്ടിലെ പെന്തെക്കോസ്തു അനുഭവത്തിന്റെ തുടർച്ചയല്ലാ എന്നും അത് 1901 ൽ ഒരു പെൺകുട്ടിക്കുണ്ടായ (ആഗ്നസ് എൻ ഓസ്മാൻ) ഏതോ അനുഭവമാണെന്നും പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിലെ

അറിയപ്പെടുന്ന എഴുത്തുകാർ തന്നെ വ്യക്തമാക്കിയിട്ടുള്ള സത്യമാണ്" (*തിരുവെഴുത്തിലെ പരിശുദ്ധാത്മാവും ആധുനിക പെന്തെക്കോസ്തിന്റെ ആത്മാവും* പേജ് 25)

**5. പാസ്റ്റർ പി ഡി ജോൺസൻ**

"ആധുനിക പെന്തെക്കോസ്ത് പ്രസ്ഥാനത്തിന്റെ ആരംഭം ഇരുപതാം നൂറ്റാണ്ടിന്റെ ഉദയത്തോടുകൂടിയാണ് (*വാഗ്ദത്തനിവൃത്തി* പേജ് 71)

ഇന്നു കാണുന്ന പെന്തെക്കോസ്തുകാർ 1901 നു ശേഷമുള്ളവരാണ് എന്നു വ്യക്തമായല്ലോ. 'ആധുനികപെന്തെക്കോസ്ത്' എന്നു പെന്തെക്കോസ്തുപാസ്റ്റർമാർ തന്നെ അതിനെ വിശേഷിപ്പിക്കുന്നു.

**പെന്തെക്കോസ്തുപ്രസ്ഥാനം കേരളത്തിൽ**

ജോർജ് ബെർഗ് (George Berg) എന്ന അമേരിക്കൻ മിഷണറി 1909 ൽ ബാംഗ്ലൂരിൽ എത്തുകയും തുടർന്ന് കേരളത്തിൽ പ്രസംഗിക്കുകയും ചെയ്തതാണ് കേരളത്തിലെ പെന്തെക്കോസ്ത് പ്രസ്ഥാനത്തിന്റെ തുടക്കമായി വിശ്വസിക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ കഠിന പരിശ്രമത്തിന്റെ ഫലമായി 1911 ൽ കേരളത്തിൽ പെന്തെക്കോസ്തു സമൂഹം ഉടലെടുത്തു.

1913 ൽ റോബർട്ട് എഫ് കുക്ക് (Robert F Cook)(കുക്ക് സായിപ്പ്) ഇന്ത്യയിൽ വന്നു. 1914 ൽ അദ്ദേഹം കേരളത്തിൽ പ്രവർത്തിക്കുകയും നിരവധി പെന്തെക്കോസ്തുസഭകൾ ഉണ്ടാവുകയും ചെയ്തു.

1916 ഫെബ്രുവരി 27-ാം തീയതി മഹാകവി കെ. വി. സൈമൺ സ്നാനപ്പെടുത്തിയ വ്യക്തിയാണ് കെ. ഇ. എബ്രഹാം. ബ്രദറുകാരനായ മഹാകവി കെ. വി. സൈമൺ സ്നാനപ്പെടുത്തിയെങ്കിലും, പിന്നീട് കെ. ഇ. എബ്രഹാം കുക്കുസായിപ്പിനോട് ചേർന്ന് പ്രവർത്തിക്കുകയാണ് ചെയ്തത്. അങ്ങനെ അദ്ദേഹം പാസ്റ്റർ കെ. ഇ. എബ്രഹാം എന്നറിയപ്പെട്ടു. 1930 വരെ കുക്കുസായിപ്പിനോട് ചേർന്ന് അദ്ദേഹം പ്രവർത്തിച്ചു. കേരളപെന്തെക്കോസ്തുകാർ വിദേശസംഘടനകളിൽനിന്നും സ്വതന്ത്രരാകണം എന്ന് ചിന്തിച്ച പാസ്റ്റർ കെ. ഇ. എബ്രഹാം, കുക്കുസായിപ്പുമായി വേർപിരിഞ്ഞ് 'സൗത്ത് ഇന്ത്യ പെന്തെക്കോസ്റ്റൽ ചർച്ച് ഓഫ് ഗോഡ്' സ്ഥാപിച്ചു. പിന്നീട് അതിന്റെ പേര് 'ഇന്ത്യാ പെന്തെക്കോസ്റ്റൽ ചർച്ച് ഓഫ് ഗോഡ്' (IPC) എന്നാക്കി. *(https://wiki2.org/en/Pentecostalism_in_Kerala)*

**(തുടരും)**

## നമ്മുടെ വാട്സാപ് ഗ്രൂപ്പിൽ അംഗമാകൂ

REAL LIFE VOICE എന്ന പേരിൽ ഒരു WhatsApp Group ഉണ്ട്. എല്ലാ മാസവും മാസിക അതിൽ പോസ്റ്റ് ചെയ്യുന്നതായിരിക്കും. വാട്സാപ് ഉള്ള എല്ലാവർക്കും യാതൊരു മുടക്കവും കൂടാതെ മാസിക കൃത്യസമയത്ത് ലഭിക്കാനും വായിക്കാനും അതുമൂലം സാധിക്കും. നിങ്ങളുടെ വാട്സാപ് നമ്പർ അറിയിക്കുക. അപ്പോൾ നിങ്ങളെ ആ ഗ്രൂപ്പിൽ ചേർക്കുന്നതാണ്. സ്വദേശത്തും വിദേശത്തുമുള്ള നിങ്ങളുടെ ബന്ധുക്കളെയും സ്നേഹിതരെയും ഈ ഗ്രൂപ്പിൽ ചേർക്കുമല്ലോ. തർക്കങ്ങളോ വാദങ്ങളോ ഒന്നും ഈ ഗ്രൂപ്പിൽ ഉണ്ടാകില്ല. മാസത്തിലൊരിക്കൽ മാസിക പോസ്റ്റ് ചെയ്യുന്നതിനു മാത്രം ഉള്ള ഗ്രൂപ്പാണിത്. **(എഡിറ്റർ)**

# ജീവിതസന്തുഷ്ടി

### പി. വി. സന്തോഷ്, വയനാട്

ജീവിതത്തിൽ തികച്ചും സന്തുഷ്ടരാണെന്നു ബോധ്യപ്പെടുത്തുന്നവർക്ക് ഒരു ലക്ഷം ഡോളർ പാരിതോഷികം നൽകുന്നതാണെന്നു ഒരു ധനാഢ്യൻ പരസ്യം ചെയ്തു. വിവിധ നിലകളിലുള്ള ആയിരക്കണക്കിനു സ്ത്രീപുരുഷന്മാർ നിശ്ചിത ദിവസം തുക പ്രതീക്ഷിച്ച് വന്നുകൂടി.

ഒരാൾ താൻ ജോലിയിൽ സംതൃപ്തനാണെന്നു പറഞ്ഞു. മറ്റൊരാൾ തന്റെ വരുമാനത്തിൽ സംതൃപ്തനാണെന്നു പറഞ്ഞു. സംതൃപ്തിയുള്ള കുടുംബം തനിക്കുണ്ടെന്നു വേറൊരാൾ പറഞ്ഞു. തനിക്കുള്ള ഡിഗ്രിയിൽ സംതൃപ്തനാണെന്നാണ് മറ്റൊരാൾ പറഞ്ഞത്. ഇങ്ങനെ അനേകർ പറഞ്ഞെങ്കിലും അവർക്കാർക്കും സമ്മാനം ലഭിച്ചില്ല. കാരണം ധനാഢ്യന്റെ ഒരു ചെറിയ ചോദ്യത്തിനു ഉത്തരം പറയാൻ അവർക്കാർക്കും കഴിഞ്ഞില്ല. ചോദ്യം ഇതാണ്: നിങ്ങൾ ജീവിതത്തിൽ തികച്ചും സംതൃപ്തനാണെങ്കിൽ എന്റെ ഒരു ലക്ഷം ഡോളർ എന്തിനാണ് നിങ്ങൾ ആഗ്രഹിച്ചത്?

**കുറിവാക്യം:** “ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക” (1 തിമൊ.6:8)

# ആദ്യമായി ബാറിൽ! (അവസാനമായും!)

**1999**

ഞാൻ മണ്ണുത്തിയിൽ ഇസാഫിൽ ജോലി ചെയ്യുന്ന സമയം...

തൃശ്ശൂർ-പാലക്കാട് റോഡിന്റെ വലതു വശത്ത് പ്രശസ്തമായ ബാറും അവരുടെത്തന്നെ ട്രാവൽ ഏജൻസിയും - രണ്ടും ഒരേ കെട്ടിടത്തിൽ...

ട്രാവൽസിൽ ടിക്കറ്റ് ബുക്ക് ചെയ്യണം. ചുമതല എന്നെ ഏല്പിച്ചു. കഥയറിയാതെ ട്രാവൽസിന്റെ ഓഫീസിലേക്ക് ഞാൻ പുറപ്പെട്ടു.

മുന്നിൽ ബാർ... താഴത്തെ നിലയിൽ (Ground Floor)... മുകളിലത്തെ നിലയിലാണ് ട്രാവൽസിന്റെ ഓഫീസ്.

പക്ഷേ അവിടേക്കുള്ള വഴി കാണുന്നില്ല.

“ട്രാവൽസിലേക്കുള്ള എൻട്രൻസ് എവിടെയാ?” ഒരാളോട് ചോദിച്ചു.

“അങ്ങോട്ട് ബാറിന്റെ ഉള്ളിൽക്കൂടി പോകണം.” മറുപടി കേട്ട് ഞാൻ വാപൊളിച്ചു. ഞാൻ ബാറിന്റെ അകത്തേക്ക് കേറണമെന്ന്! അതും മണ്ണുത്തി പോലുള്ള ഒരു സ്ഥലത്ത്... ധാരാളം വിശ്വാസികളുള്ള സ്ഥലമാണ്. എന്നെ അറിയാവുന്ന പലരുമുണ്ട്.

ബാറിന്റെ അടുത്തായി ഞാൻ പരുങ്ങി നിന്നു.

എങ്ങനെ ബാറിന്റെ ഉള്ളിലേക്കു കടക്കും? ആരെങ്കിലും കണ്ടാലോ? സെബാസ്റ്റ്യൻസഹോദരൻ ബാറിന്റെ അകത്തേക്ക് പോകുന്നത് കണ്ടു എന്നു ആരെങ്കിലും പറഞ്ഞുപരത്തിയാൽ...

നാളെയും ബൈബിൾ കയ്യിൽ പിടിച്ച് നടക്കേണ്ടതാണ്. സുവിശേഷം അറിയിക്കേണ്ടതാണ്.

മാനം പോയാൽ പിന്നെ കിട്ടില്ല. പക്ഷേ എന്തു ചെയ്യാം? ബാറിൽ കേറാതെ മറ്റു നിവൃത്തിയില്ല. ഓരോരോ പുലിവാലുകൾ!

വിശാലമായ റോഡിനരികെ ഒരു കള്ളനെപ്പോലെ പരുങ്ങിയും പത റിയും ഞാൻ നിൽക്കുന്നു...

തൃശ്ശൂരിൽനിന്നും പാലക്കാട്ഭാഗ ത്തേക്കും, പാലക്കാട്ഭാഗത്തുനിന്നും തൃശ്ശൂർഭാഗത്തേക്കും ബസുകളും മറ്റു വാഹനങ്ങളും റോഡിലൂടെ...

വാഹനങ്ങൾ ഒന്നു ഒഴിവായിക്കി ട്ടിയിരുന്നെങ്കിൽ... ഉടനെ ബാറിൽ കയറാമായിരുന്നു. അപ്പോൾ ആരും കാണില്ല. ഞാൻ കാത്തിരുന്നു.

റോഡിലാണെങ്കിൽ പതിവിൽ കൂടുതൽ തിരക്കുള്ളതുപോലെ തോന്നി.

ഒടുവിൽ... രണ്ടും കല്പിച്ച്... ബാറി ന്റെ അകത്തേക്ക് പെട്ടെന്ന് കയറി.

അന്ധകാരം... അല്ല ചുവന്ന ലൈറ്റ് ഉണ്ട്. ഒരു മേശയുടെ സമീപം രണ്ടു പേർ ഇരിക്കുന്നതു ആ അരണ്ടവെളി ച്ചത്തിൽ ഞാൻ കണ്ടു.

ഏതാനു സെക്കൻഡുകൾ ഞാൻ പരുങ്ങിനിന്നു.

ആരോടു ചോദിക്കും? അപ്പോ ഴാണ് ഒരു വശത്ത് കൗണ്ടർ കണ്ടത്.

‘‘ട്രാവൽസിൽ ടിക്കറ്റ് ബുക്ക് ചെയ്യാനാണ്...”

“ആ വാതിൽ തുറന്ന് പോയ്ക്കോളൂ” അയാൾ സൈഡിലുള്ള ഡോറി ലേക്ക് വിരൽ ചൂണ്ടി പറഞ്ഞു.

ഞാൻ വേഗം പോയി ആ വാതിൽ തുറന്നു. മുകളിലത്തെ നിലയിലേ ക്കുള്ള സ്റ്റെപ്പുകൾ കണ്ടു. വേഗം അവ കയറി ട്രാവൽസിന്റെ ഓഫീസിലെ ത്തി. ടിക്കറ്റ് ബുക്ക് ചെയ്തു.

ഇനി എനിക്ക് താഴെ ഇറങ്ങി ബാറിലൂടെത്തന്നെ പുറത്തേക്ക് പോകണം. വീണ്ടും പരീക്ഷണം... മറ്റു നിവൃത്തികളൊന്നുമില്ല.

ബാറിന്റെ അകത്തുകൂടി പുറ ത്തേക്ക് പെട്ടെന്ന് കടന്നു.

ആരൊക്കെ എന്നെ കണ്ടുവോ, ആവോ?

നാണക്കേടാകുമോ? എന്റെ സാക്ഷ്യം ഇല്ലാതാകുമോ?

മദ്യപാനിയായ അപ്പൻ നിമിത്തം ജീവിതത്തിൽ ഉണ്ടായ ദുരിതങ്ങൾ കുറച്ചൊന്നുമല്ല. അങ്ങനെ ചെറുപ്പ ത്തിലേ മദ്യത്തോടും മദ്യപാനിക ളോടും ഒരു വെറുപ്പ് എന്റെ ഉള്ളിലു ണ്ട്. അതുകൊണ്ട് വിശ്വാസിയാകുന്ന തിനുമുമ്പോ പിമ്പോ മദ്യം എന്നെ അല്പം പോലും പ്രലോഭിപ്പിച്ചിട്ടില്ല.

പക്ഷേ ഇന്ന്...

സെബാസ്റ്റ്യൻസഹോദരൻ ബാറി ലേക്ക് പോകുന്നത് കണ്ടു...

സെബാസ്റ്റ്യൻസഹോദരൻ ബാറിൽനിന്നും ഇറങ്ങിവരുന്നത് കണ്ടു...

ഇങ്ങനെ ആരെങ്കിലും ഒരാൾ പറ യാൻ ഇടയായാൽ...

*ഈ സംഭവത്തിലൂടെ രണ്ടു കാര്യ ങ്ങൾ പ്രിയ വായനക്കാരുടെ ശ്രദ്ധ യിൽ പെടുത്താൻ ഞാൻ ആഗ്രഹി ക്കുന്നു.*

*ഒന്ന്: ദൈവമക്കൾ നല്ല സാക്ഷ്യം പുലർത്തുന്നവരായിരിക്കണം. അവർ*

*തെറ്റു ചെയ്യുന്നുണ്ടാകാം. അതിന് അപ്പപ്പോൾ ദൈവത്തോടു ക്ഷമ ചോദിച്ചു നിരപ്പ് പ്രാപിക്കണം. പക്ഷേ പൊതുസമൂഹത്തിന്റെ മുമ്പാകെ നാം നമ്മുടെ സാക്ഷ്യം നഷ്ടപ്പെടാതെ സൂക്ഷിക്കുക തന്നെ വേണം.*

*സാക്ഷ്യം നഷ്ടപ്പെടുത്തിക്കൊണ്ടുള്ള ദൈവജനത്തിന്റെ ജീവിതം എക്കാലത്തും ദൈവത്തിനു അപമാനം ഉണ്ടാക്കിയിട്ടുണ്ട്.*

*ആത്മികപ്രവർത്തനങ്ങളുടെ മറവിൽ പണം അനധികൃതമായി സമ്പാദിക്കുന്നത്, നുണകളുടെ പെരുമഴ തീർത്ത് ജീവിതത്തിൽ മുന്നേറുന്നത്, പണം അമിതപ്പലിശയ്ക്ക് കൊടുക്കൽ, മദ്യപാനം, പുകവലി, ഭാര്യയെ ഉപേക്ഷിക്കൽ, വ്യഭിചാരം... എന്നിങ്ങനെ ദൈവജനം തങ്ങളുടെ ക്രിസ്തീയസാക്ഷ്യം പല നിലകളിൽ നഷ്ടപ്പെടുത്താറുണ്ട്.*

*ഇക്കാര്യങ്ങളിൽ നാം പരമാവധി സൂക്ഷ്മത പുലർത്തേണ്ടതുണ്ട്.*

*"നിങ്ങൾ നിമിത്തം ദൈവത്തിന്റെ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു" (റോമർ 2:24) എന്നാണ് ബൈബിൾ പറയുന്നത്.*

*ദൈവത്തിൽനിന്നും സകല ഔദാര്യവും അനുഭവിക്കുന്ന ജനം ആ ദൈവത്തിന്റെ നാമത്തിനു ദുഷ്പേര് ഉണ്ടാക്കും വിധം പ്രവർത്തിച്ചുകൂടാ. ഈ മനോഭാവം നിമിത്തമാണ് ആ ബാറിന്റെ മുമ്പിൽനിന്നും ഞാൻ പരുങ്ങിയത്.*

*രണ്ട്: കാര്യമറിയാതെ നാം ആരെയും വിധിക്കരുത്. ഞാൻ ആ ബാറിൽ നിന്നും ഇറങ്ങിവരുന്നത് ആരെങ്കിലും കണ്ടാൽ, സെബാസ്റ്റ്യൻബ്രദർ ബാറിൽ കയറി എന്നും പറഞ്ഞ് നോട്ടീസ് അടിച്ചിറക്കുകയല്ല ആദ്യം വേണ്ടത്.*

*ബാറിൽ കയറുന്നത് പിന്നെ എന്തിനാണ് എന്ന് ചോദിച്ച് വിധി പ്രസ്താവിക്കരുത്. കാര്യങ്ങൾ ചോദിച്ചറിയണം. സത്യാവസ്ഥ ഉറപ്പുവരുത്തണം. അല്ലാതെ ആരെയും അകാരണമായി വിധിക്കരുത്.*

*ഹന്ന ലഹരി പിടിച്ചിരിക്കുന്നു എന്നു ഏലി തെറ്റായി ഊഹിച്ചത് നാം 1 ശമൂവേൽ 1:14 ൽ കാണുന്നുണ്ടല്ലോ. നമ്മുടെ വാക്കുകൾ മറ്റൊരാളുടെ ഭാവി നഷ്ടപ്പെടുത്തുവാൻ കാരണമാകാതിരിക്കട്ടെ.*

*തെറ്റിദ്ധാരണകളും ഊഹങ്ങളും നിമിത്തം എത്രയോ ബന്ധങ്ങൾ തകർന്നിരിക്കുന്നു. നമ്മുടെ തെറ്റായ കണക്കുകൂട്ടലുകൾ നിമിത്തം ആരും ദുഃഖിക്കാൻ ഇടയാകാതിരിക്കട്ടെ.*

*കുടുംബബന്ധങ്ങളും സഭാബന്ധങ്ങളും സുഹൃത്ബന്ധങ്ങളും എല്ലാം വെറും തെറ്റിദ്ധാരണകൾ നിമിത്തം തകർന്നടിഞ്ഞിട്ടുണ്ട്.*

ഏതായാലും അന്ന് ഞാൻ ബാറിൽ കയറിയതും ഇറങ്ങിയതും ആരും ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു. ഇത്രയും കാലമായിട്ടും എന്നെക്കുറിച്ച് അങ്ങനെയൊരു പരാതി ആരും പറഞ്ഞുകേട്ടിട്ടില്ല. ബാറിന്റെ മുമ്പിൽ നിന്നു മനസ്സുരുകി പ്രാർത്ഥിച്ചത് കർത്താവ് കേട്ടു. ദൈവത്തിനു സ്തോത്രം!

**www.reallifevoice.in**

**നമ്മുടെ വെബ്സൈറ്റിൽ ലഭ്യമായ പുസ്തകങ്ങൾ**

**Magazine:** ♦2017 മുതലുള്ള മാസികകൾ

**Studies:** ♦മൂലഭാഷകളുടെ സൗന്ദര്യം ♦ ഓബദ്യാവ് (പുസ്തകപഠനം)

♦ കുടുംബജീവിതം ♦ വിശ്വാസവും സ്നാനവും ♦ മൂപ്പൻ

♦ മീഖാ (പുസ്തകപഠനം)

**Defence:**♦ചോദ്യവും ഉത്തരവും (സംശയങ്ങൾക്കുള്ള മറുപടി)

♦ ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു?

♦ ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ

**Individuals:** ♦ചിന്തകൾ പന്തങ്ങളാകുമ്പോൾ (ഡയറിക്കുറിപ്പുകൾ)

♦ തിരുവട്ടാർ കൃഷ്ണൻകുട്ടി ♦മഹാകവി കെ.വി.സൈമൺ

**Miscellaneous:** ♦ഇമ്മാനുവിന്റെ സംശയങ്ങൾ ♦ തലമുറകൾ

♦ സഭ (സൺഡേസ്കൂൾപാഠങ്ങൾ)

♦ സൺഡേസ്കൂൾപാഠങ്ങൾ (ഒന്നാം ഭാഗം)

♦ സത്യം തേടിയുള്ള അന്വേഷണം

# വിശ്വാസവും സ്നാനവും

**ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?**

**Revised Second Edition**

**എം. വി. സെബാസ്റ്റ്യൻ**

**104 പേജുകളുള്ള പുസ്തകം**

**ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു**

REAL LIFE
KOTTEKAD, KUTTUR P. O.
THRISSUR - 680 013

**Phone: 95 44 557 557**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th June 2020

Posted at
Thrissur RMS

**ആനുകാലികം**

## പാവം കാട്ടുപന്നി!

മനുഷ്യർക്കു ഭീഷണിയാകുന്നതും കൃഷി നശിപ്പിക്കുന്നതുമായ കാട്ടുപന്നികളെ വെടിവച്ചുകൊല്ലാനുള്ള സർക്കാർ ഉത്തരവ് ഇറങ്ങിയത് 2014 ൽ ആണെങ്കിലും ആ ഉത്തരവ് നടപ്പാക്കിയത് 2020 ൽ മാത്രം! പ്രായോഗിക ബുദ്ധിമുട്ടുകൾ നിമിത്തം ഉത്തരവ് നടപ്പാക്കാനായില്ല. 6 വർഷം കാട്ടുപന്നികൾ മനുഷ്യനു ഭീഷണിയായി പിന്നെയും വിലസി. ഒടുവിൽ ഉത്തരവ് നടപ്പാക്കുക തന്നെ ചെയ്തു.

അരുവാപ്പുലം പഞ്ചായത്തിലെ തോപ്പിൽ കോളനിക്ക് സമീപം സ്വകാര്യവ്യക്തിയുടെ റബർ തോട്ടത്തിൽ എത്തിയ പെൺപന്നിയെയാണ് വനം റേഞ്ച് ഓഫീസർ വെടിവച്ചു കൊന്നത്. 100 കിലോഗ്രാം ഭാരവും 5 വയസ്സുമുള്ള ഒരു പെൺപന്നി അങ്ങനെ കൊല്ലപ്പെട്ടു. കൊറോണ കാരണമാണോ എന്നറിയില്ല, മൃഗസ്നേഹികൾ ഒച്ചപ്പാടൊന്നും ഉണ്ടാക്കിയില്ല. പെൺപന്നിയാണെന്ന കാരണത്താൽ ഫെമിനിസ്റ്റുകൾ ബഹളമുണ്ടാക്കുമെന്നു കരുതിയെങ്കിൽ അതും തെറ്റി. 'പാവം കാട്ടുപന്നി' എന്നു പറഞ്ഞ് ആരും വിലപിച്ചുമില്ല. *(2020 മെയ് 16 ലെ പത്രവാർത്ത)*

മനുഷ്യന്റെ ജീവന് ഭീഷണിയാകുന്ന ഏതു മൃഗത്തെയും കൊല്ലാൻ നിയമം ഇവിടെ ഉണ്ടാകണം; അതു പ്രാബല്യത്തിൽ വരുത്തുകയും വേണം. മനുഷ്യനേക്കാൾ വലുതല്ലല്ലോ ഒന്നും.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V